## 495

യേശു നല്ലവൻ എനിക്കു യേശു നല്ലവൻ
നല്ല രക്ഷകൻ തൻനാമം വാഴ്ത്തിപ്പാടും ഞാൻ
യേശു നല്ലവൻ അതേ എൻ യേശു നല്ലവൻ

1 ചെങ്കടൽ പിളർന്നു നൽവഴി നടത്തിടും
അടിമയിൻ നുകം തകർത്തു വീടെടുത്തവൻ
ചിറകുകൾ വിടർത്തി മറവിൽ കാത്തിടുന്നവൻ-യേശു നല്ലവൻ

2 മുന്നിലും പിറകിലും നടന്നു കാവലായ്
മേഘമൊന്നെനിക്കുമേൽ വിരിച്ചു സ്നേഹമായ്
നീ മരുഭൂവിലുള്ളകൈയിൽ താങ്ങിടും-യേശു നല്ലവൻ

3 കോട്ടകൾ തകർത്തിടാൻ ബലത്തെ നൽകിടും
നീട്ടിയ ഭുജത്താലെന്നെ താൻ നടത്തിടും
വീട്ടിലെത്തുവോളം പൊൻമുഖത്തെ നോക്കിടാം-

4 ക്ഷാമകാലത്തെന്നെ ക്ഷേമമോടെ കാത്തിടും
പച്ചപ്പുൽത്തകിടിയിൽ കിടത്തിടുന്നവൻ
വേതെല്ലാം നിത്യമേകി പോറ്റിടുന്നവൻ-